REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **UDF-ലെ സീറ്റ് വിഭജനം പൂർത്തിയായി. കോൺഗ്രസ് 95 സീറ്റുകളിലും മുസ്ലിം ലീഗ് 27 സീറ്റുകളിലും മത്സരിക്കും. കോൺഗ്രസിന്റെ അന്തിമ പട്ടിക വൈകിട്ടോടെ.**
- **BJP രണ്ടാം ഘട്ട സ്ഥാനാർത്ഥിപട്ടിക ഇന്ന് പുറത്തിറക്കും.**
- **RJD മൂന്ന് മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു.**
- **വിമാനയാത്രക്കാർക്ക് സൗകര്യങ്ങൾ ലഭ്യമാക്കാനും സുതാര്യത ഉറപ്പാക്കാനും സിവിൽ വ്യോമയാന മന്ത്രാലയം നിർദേശങ്ങൾ പുറപ്പെടുവിച്ചു.**
- **കൊയിലാണ്ടി ഉള്ളിയേരി സംസ്ഥാന പാതയിൽ സ്കൂട്ടർ പോസ്റ്റിലിടിച്ച് മൂന്നു മെഡിക്കൽ വിദ്യാർത്ഥികൾ മരിച്ചു.**

## വാർത്തകൾ വിശദമായി

UDF-ലെ സീറ്റ് വിഭജനം പൂർത്തിയായതായി പ്രതിപക്ഷനേതാവ് VD സതീശൻ അറിയിച്ചു. പ്രഖ്യാപനം വൈകിയത് മുന്നണിയിലെ തർക്കം കൊണ്ടല്ലെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. 95 സീറ്റിൽ കോൺഗ്രസും, 27 ഇടത്ത് മുസ്ലീം ലീഗും മത്സരിക്കും. കേരള കോൺഗ്രസിന് എട്ടിടത്ത് സീറ്റ് നൽകി. RSP യ്ക്ക് അഞ്ചും RMP, തൃണമൂൽ കോൺഗ്രസ്, കേരള കോൺഗ്രസ് ജേക്കബ് വിഭാഗം, CMP എന്നിവയ്ക്ക് ഓരോ സീറ്റും നൽകിയിട്ടുണ്ട്.

✪✪✪

കോൺഗ്രസിന്റെ അന്തിമ സ്ഥാനാർഥി പട്ടിക ഇന്ന് പുറത്തിറക്കുമെന്ന് മുതിർന്ന നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഘടകകക്ഷികളുമായി ചർച്ചകൾ പൂർത്തിയായെന്നും ദേശീയ പാർട്ടിയായതിനാൽ നടപടിക്രമങ്ങൾ

പാലിച്ച് മാത്രമേ ചർച്ചകൾ നടത്താനാകൂ എന്നും അദ്ദേഹം വ്യക്തമാക്കി. പാർട്ടിയിൽ ഒരു പ്രശ്നങ്ങളും ഇല്ല. K സുധാകരൻ എല്ലാ കാലത്തും പാർട്ടിക്ക് ഒപ്പം നിന്ന ആളാണ്. അദ്ദഹത്തിന് പാർട്ടിയാണ് വലുത്. അദ്ദേഹം ഇപ്പോൾ MPയാണ്. നിലവിൽ  MPമാർ മത്സരിക്കേണ്ടതില്ല എന്നാണ് കോൺഗ്രസ് തീരുമാനമെന്നും ചെന്നിത്തല വ്യക്തമാക്കി.

✪✪✪

സീറ്റ് കിട്ടാത്തവരുടെ അതൃപ്തിയാണ് മുസ്ലീം ലീഗിന്റെ സ്ഥാനാർത്ഥി നിർണയം സംബന്ധിച്ച വൈകാരിക പ്രകടനങ്ങളെന്ന് സംസ്ഥാന പ്രസിഡന്റ് സാദിഖ് അലി ശിഹാബ് തങ്ങൾ അഭിപ്രായപ്പെട്ടു.

അബ്ദുറഹ്മാൻ രണ്ടത്താണി, നൂർബീന റഷീദ് എന്നിവരുടെ പരാമർശത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

സീറ്റ് ഇല്ല എന്നതിന് അർത്ഥം പാർട്ടി അവരെ അകറ്റി നിർത്തി എന്നല്ലെന്നും എല്ലാവരെയും ചേർത്ത് പിടിച്ചാണ് പാർട്ടി മുന്നോട്ട് പോകുന്നതെന്നും തങ്ങൾ പറഞ്ഞു. വിശദമായ ആലോചനകൾക്ക് ശേഷമാണ് സ്ഥാനർഥികളെ പ്രഖ്യാപിച്ചതെന്നും സംസ്ഥാന പ്രസിഡന്റ് വ്യക്തമക്കി.

✪✪✪

BJP  രണ്ടാം ഘട്ട സ്ഥാനാർത്ഥിപട്ടിക ഇന്ന് പുറത്തിറക്കും. അവസാനവട്ട ചർച്ചകൾക്കായി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ഇന്നലെ വൈകിട്ട് ന്യൂഡൽഹിയിലെത്തി. ഇന്ന് പാർട്ടി കേന്ദ്രതെരഞ്ഞെടുപ്പു സമിതിയും പാർലിമെന്ററി ബോർഡും ചേർന്ന് പട്ടികയ്ക്ക് അന്തിമരൂപം നൽകും. 47 സീറ്റുകളിലാണ് പാർട്ടി നേരത്തെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത്.

30 സീറ്റുകൾ  BDJS ന് നൽകിയിട്ടുണ്ട്. 12 സീറ്റുകളിൽ  അവർ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. ട്വന്റി 20 ക്ക് നൽകിയ  20 മണ്ഡലങ്ങളിൽ  12 സ്ഥാനാർത്ഥികളെ അവരും പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

നിയസഭാ തെരഞ്ഞെടുപ്പിൽ RJD സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. വടകരയിൽ MK ഭാസ്കരനും കൂത്തുപറമ്പിൽ PK പ്രവീണും കൽപ്പറ്റയിൽ PK അനിൽകുമാറും മത്സരിക്കുമെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് MV ശ്രേയാംസ്കുമാർ അറിയിച്ചു.

സലീം മടവൂർ കൊടുവള്ളിയിൽ LDF കക്ഷിരഹിതനായി മത്സരിക്കും. പാർട്ടിയുമായി അദ്ദേഹം ചർച്ച നടത്തിയിട്ടുണ്ട്. അന്തിമ തീരുമാനം LDF എടുക്കും എന്നും ശ്രേയാംസ്കുമാർ പറഞ്ഞു.

✪✪✪

കണ്ണൂരിൽ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ച K സുധാകരൻ കോൺഗ്രസ് ദേശീയ നേതൃത്വവുമായി കൂടിക്കാഴ്ച നടത്തുന്നതിന് ഡൽഹിയിൽ തുടരുന്നു. കോൺഗ്രസിന്റെ രണ്ടാം ഘട്ട പട്ടിക പുറത്തിറക്കുന്നതിനിടെ സുധാകരനെ അനുനയിപ്പിക്കാനാണ് നേതാക്കളുടെ ശ്രമം.

പെരുമ്പാവൂരിൽ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് എൽദോസ് കുന്നപ്പിള്ളി ഹൈക്കമാൻഡ് നേതാക്കളുമായി കൂടിക്കാഴ്ച നടത്തി. മണ്ഡലത്തിൽ ജയിക്കാൻ അനുകൂലമായ സാഹചര്യമുണ്ടെന്നും പാർട്ടി പരിഗണിക്കുമെന്നാണ് വിശ്വാസമെന്നും എൽദോസ് കുന്നപ്പിള്ളി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് പ്രചരണം കണ്ണൂർ ജില്ലയിൽ സജീവമായി. LDF, UDF, NDA തെരഞ്ഞെടുപ്പ് കൺവെൻഷനുകൾക്ക് തുടക്കമായി.

ധർമ്മടം മണ്ഡലത്തിൽ LDF, സ്ഥാനാർത്ഥിയായ മുഖ്യമന്ത്രി പിണറായി വിജയന്റെ തെരഞ്ഞെടുപ്പ് കൺവെൻഷൻ വൈകിട്ട് മമ്പറത്ത് ചേരും. CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ഉൾപ്പെടെ നേതാക്കൾ പങ്കെടുക്കും.

UDF അഴീക്കോട് മണ്ഡലം തെരഞ്ഞെടുപ്പ് കൺവെൻഷനും റോഡ് ഷോയും ഉച്ച കഴിഞ്ഞ് വളപട്ടണം മന്നയിൽ തുടങ്ങും.

പേരാവൂർ മണ്ഡലത്തിലെ UDF സ്ഥാനാർത്ഥി സണ്ണി ജോസഫിന്റെ തെരഞ്ഞെടുപ്പ് കൺവെൻഷനും റോഡ് ഷോയും നാളെ വൈകിട്ട് ഇരിട്ടിയിലാണ്. ഷാഫി പറമ്പിൽ MP ഉൾപ്പെടെ നേതാക്കൾ പങ്കെടുക്കും.

✪✪✪

മാതൃകാ പെരുമാറ്റച്ചട്ടം ഫലപ്രദമായി നടപ്പാക്കാനും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികളിൽ അടിയന്തിര പരിഹാരം കാണാനും കണ്ണൂരിൽ കൺട്രോൾ റൂം തുറന്നു.

MCC ജില്ലാ നോഡൽ ഓഫീസറുടെ കീഴിൽ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കും

✪✪✪

തെരഞ്ഞെടുപ്പു പ്രചാരണവുമായി ബന്ധപ്പെട്ടു റോഡ് ഷോകൾ നടത്തുന്നവർ കർശനമായും മുൻകൂർ അനുമതി നേടിയിരിക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

റോഡ് ഷോകളിൽ പരമാവധി പത്തു വാഹനങ്ങളേ ഉപയോഗിക്കാവൂ. ബൈക്കുകൾ ഉപയോഗത്തിൽ നിയന്ത്രണം ഉണ്ടായിരിക്കും. റോഡ് ഷോകളിൽ മൃഗങ്ങളെ പ്രദർശിപ്പിക്കാൻ പാടില്ല. സ്ക്കൂൾ യൂണിഫോം ധരിച്ച കുട്ടികളെ റോഡ് ഷോകളിൽ പങ്കെടുപ്പിക്കരുതെന്നും കർശന നിർദേശമുണ്ട്.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ ഉദ്യോഗസ്ഥ പരിശീലനം സംബന്ധിച്ച വ്യാജ ശബ്ദസന്ദേശത്തിൽ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ സൈബർ പോലീസിന് പരാതി നൽകി.

തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് നേരിട്ട് പരിശീലന പരിപാടികൾ ഇല്ലെന്നും ഇത് ചെലവ് ചുരുക്കലിന്റെ ഭാഗമാണെന്നും ശബ്ദ സന്ദേശത്തിൽ പറയുന്നു. തെരഞ്ഞെടുപ്പ് ചുമതലക്കാരായ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരികയാണ്. അടിസ്ഥാനരഹിതമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് കുറ്റകരമാണെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഓർമ്മിപ്പിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ജോലികൾക്കായി ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന നടപടി തിരഞ്ഞെടുപ്പ് കമ്മീഷൻ വേഗത്തിലാക്കി. കേന്ദ്ര - സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും, പൊതുമേഖലാ- ബോർഡ് - സർവകലാശാല- PSC- ദേശസാത്കൃത ബാങ്ക്- ഗവണ്മെന്റ് നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരെയാണ് തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. സ്ഥാപന മേധാവികൾ നാളേയ്ക്ക് മുമ്പായി ജീവനക്കാരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

✪✪✪

കേരളം, പുതുച്ചേരി, തമിഴ്നാട്, അസം, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകൾക്കും, ആറ് സംസ്ഥാനങ്ങളിലെ ഉപതിരഞ്ഞെടുപ്പുകൾക്കും തിരഞ്ഞെടുപ്പ് കമ്മീഷൻ 1,111 കേന്ദ്രനിരീക്ഷകരെ നിയോഗിച്ചു. ഇവരിൽ 557 പേർ പൊതുനിരീക്ഷകരും, 188 പേർ പൊലീസ് നിരീക്ഷകരും, 356 പേർ ചെലവ് നിരീക്ഷകരുമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഡൽഹിയിൽ അറിയിച്ചു.

✪✪✪

വിമാനയാത്രക്കാർക്ക് സൗകര്യങ്ങൾ ലഭ്യമാക്കാനും സുതാര്യത ഉറപ്പാക്കാനും സിവിൽ വ്യോമയാന മന്ത്രാലയം നിർദേശങ്ങൾ പുറപ്പെടുവിച്ചു. പ്രത്യേകിച്ച് അധിക ചാർജ്ജുകൾ ഈടാക്കാതെ 60 ശതമാനം സീറ്റുകൾ യാത്രക്കാർക്ക് ലഭ്യമാക്കണം. ഒരേ PNR-ൽ യാത്ര ചെയ്യുന്നവർക്ക് അടുത്തടുത്ത സീറ്റുകൾ നൽകണം. കായിക- സംഗീത ഉകരണങ്ങൾ കൊണ്ടുപോകുമ്പോൾ യാത്രക്കാരോട് സൗഹൃദപരമായ ഇടപെടൽ ഉണ്ടാകണമെന്നും ഡയറക്ടറേറ്റ് ജനറൽ വഴി ആവശ്യപ്പെട്ടിട്ടുണ്ട്. യാത്ര വൈകുകകയോ, വിമാനം റദ്ദാക്കുകയോ, പ്രവേശനം നിഷേധിക്കപ്പെടുകയോ ചെയ്യുമ്പോൾ യാത്രക്കാരുടെ അവകാശങ്ങൾക്ക് പ്രാമുഖ്യം നൽകണമെന്നും നിർദേശത്തിൽ പറയുന്നു.

✪✪✪

രാജ്യസഭയിലെ സ്ഥാനമൊഴിയുന്ന 59 അംഗങ്ങൾക്ക് യാത്രയയപ്പ് സംഘടിപ്പിച്ചു. 20 സംസ്ഥാനങ്ങളിലെ ഒമ്പത് വനിതകൾ അടക്കം അംഗങ്ങളാണ് കാലാവധി പൂർത്തിയാക്കിയത്. പാർലമെന്ററി ജനാധിപത്യത്തിന് ഇവർ നൽകിയ സംഭാവനകൾ എക്കാലവും ഓർമ്മിക്കപ്പെടുമെന്ന് യാത്രയയപ്പ് ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ഇ- കൊമേഴ്സ് മേഖലയിൽ ഉപഭോക്തൃ അവകാശങ്ങൾ ലംഘിച്ചതിനും അനാരോഗ്യകരമായ കച്ചവട രീതികൾ സ്വീകരിച്ചതിനും ആയിരത്തോളം സ്ഥാനപങ്ങൾക്കെതിരെ നടപടിയെടുത്തതായി കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി ലോക്സഭയിൽ അറിയിച്ചു. ഗവൺമെന്റ് നടപടി കർശനമാക്കിയതോടെ ഇ-കൊമേഴ്സ് സ്ഥാപനങ്ങൾ ഉപഭോക്തൃ പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി എടുത്തിട്ടുണ്ടെന്നും പ്രൽഹാദ് ജോഷി പറഞ്ഞു.

✪✪✪

2027 ലെ ദേശീയ സെൻസസ്, 21 ദിവ്യാംഗ വിഭാഗങ്ങളെ കണ്ടെത്തി രേഖപ്പെടുത്തുമെന്ന് കേന്ദ്ര സാമൂഹ്യനീതി - ശാക്തീകരണ സഹമന്ത്രി രാംദാസ് അത്താവലെ അറിയിച്ചു. പാർലമെന്റ് അംഗങ്ങൾക്കായി തയ്യാറാക്കിയ ആദ്യ ദിവ്യാംഗ കൈപ്പുസ്തകം- 'Beyond the visible - a handbook on disability inclusion for parliamentarian' ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. പരിശീലനം നേടിയ എന്യൂമറേറ്റർമാർ വഴി തയ്യാറാക്കുന്ന ദിവ്യാംഗ കണക്കെടുപ്പ് ഈ വിഷയത്തിൽ ഫലപ്രദമായ ഇടപെടലിന് വഴിയൊരുക്കുമെന്ന് അത്താവലെ പറഞ്ഞു.

✪✪✪

ഇറാന്റെ ഡ്രോൺ ആക്രമണങ്ങളെ ചെറുക്കാൻ സഹായിക്കുന്നതിന് 200 ഉക്രൈനിയൻ വ്യോമ പ്രതിരോധ വിദഗ്ധരെ പശ്ചിമേഷ്യയിൽ വിന്യസിച്ചതായി ഉക്രെൻ പ്രസിഡന്റ് വൊളോഡിമർ സെലൻസ്കി അറിയിച്ചു. കുറഞ്ഞവിലയ്ക്ക് ലഭിക്കുന്ന ആക്രമ ഡ്രോണുകൾ ആധുനിക യുദ്ധത്തിന്റെ സ്വഭാവത്തെ ഗണ്യമായി മാറ്റി മറിച്ചെന്ന് ബ്രിട്ടീഷ് പാർലമെന്റിനെ അഭിസംബോധന ചെയ്ത സെലൻസ്കി പറഞ്ഞു. ഓരോ ഇറാനിയൻ ഡ്രോണിനും ഏകദേശം 50000 US ഡോളർ വില വരുമ്പോൾ US ഉം സഖ്യകക്ഷികളും അവയെ തടയാൻ നാല് ദശലക്ഷം ഡോളർ വിലമതിക്കുന്ന മിസൈലുകളാണ് ഉപയോഗിക്കുന്നതെന്ന് സെലൻസ്കി അറിയിച്ചു.

✪✪✪

പശ്ചിമേഷ്യൻ മേഖലയിൽ നിന്ന് 50 സർവീസുകൾ ഇന്ന് നടത്തുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ് അറിയിച്ചു. ഇതിൽ 26 എണ്ണം സാധാരണ സർവീസും, 24 എണ്ണം പ്രത്യേക സർവീസുകളുമായിരിക്കും.

ഇന്നലെ ഖത്തർ എയർവേസ് അഞ്ച് സർവീസുകളിലായി 1,600 ഇന്ത്യക്കാരെ നാട്ടിലെത്തിച്ചതായി ദോഹയിലെ ഇന്ത്യൻ എംബസി വെളിപ്പെടുത്തി. ഇന്നു മുതൽ ഇന്ത്യയിലെ ഒൻപത് വിമാനത്താവളങ്ങളിലേക്ക് സർവീസുകൾ ഉണ്ടാകുമെന്നും എംബസി അറിയിച്ചു.

✪✪✪

ഇൻഡോറിലെ തിലക് നഗർ പൊലീസ് സ്റ്റേഷൻ പരിധിയിൽ പുലർച്ചെയുണ്ടായ തീപിടുത്തത്തിൽ ഏഴ് പേർ മരിച്ചു. ചാർജ്ജ് ചെയ്ത് കൊണ്ടിരുന്ന ഇലക്ട്രിക് കാറിൽ നിന്ന് ഷോർട്ട് സർക്യൂട്ട് ഉണ്ടായതിനെ തുടർന്നാണ് തീ പടർന്നതെന്നാണ് പ്രാഥമിക റിപ്പോർട്ട്. മൂന്ന് നില വീട്ടിലെ കുടുംബത്തിലെ ഏഴ് പേർക്കാണ് ജീവൻ നഷ്ടമായത്.

✪✪✪

കൊയിലാണ്ടി ഉള്ളിയേരി സംസ്ഥാന പാതയിൽ കുറുവങ്ങാട് പുലർച്ചെ ഇലക്ട്രിക് സ്കൂട്ടർ നിയന്ത്രണം വിട്ട് പോസ്റ്റിലിടിച്ച് മൂന്നു യുവാക്കൾ മരിച്ചു. മലബാർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളായ നന്ദകിഷോർ, അഭിയാൻ, അഭിനവ് എന്നിവരാണ് മരിച്ചത്.

✪✪✪

ഫെബ്രുവരി 22ന് നടത്തിയ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് - സെറ്റിന്റെ ഫലം പ്രസിദ്ധീകരിച്ചു. അംഗീകൃത വെബ്സൈറ്റുകളിൽ ഫലം ലഭ്യമാണ്. 20,284 പേർ പരീക്ഷ എഴുതിയതിൽ 3,163 പേർ ജയിച്ചു. പാസായവരുടെ

സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് അപേക്ഷാഫോം LBS ലെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.

✪✪✪

ഹോട്ടലുകളെ അവശ്യ സർവീസായി പ്രഖ്യാപിച്ച് പാചകവാതക ലഭ്യത ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് ഈ മാസം 23 ന് ഹോട്ടലുകൾ അടച്ചിട്ട് സൂചനാ പണിമുടക്ക് നടത്താൻ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ്സ് അസോസിയേഷൻ തീരുമാനിച്ചു. എണ്ണക്കമ്പനികളുടെ ബോട്ടിലിംഗ് പ്ലാന്റുകളിലേക്ക് അന്ന് മാർച്ച് നടത്തുമെന്ന് സംസ്ഥാന ഭാരവാഹികൾ കൊച്ചിയിൽ അറിയിച്ചു.

✪✪✪

അഖില കേരള വിശ്വകർമ്മ മഹാ സഭയുടെ വിശ്വകർമ്മ അവകാശ സംഗമം വൈകിട്ട് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ഘാടനം ചെയും. പ്രതിപക്ഷ നേതാവ് VD സതീശൻ, BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

News Editor & News Reader : വി കെ സുരേഷ്
News team : അനിൽ ചന്ദ്രൻ, സയ്യിദ് അലി ശിഹാബ്, അനഘ
DEO: സി കെ സുബോധ്